# കേരളം ലോകചരിത്രത്തിലൂടെ

മലയിൻകീഴ് ഗോപാലകൃഷ്ണൻ





ഇതൊരു പരീക്ഷണമാണ്. ചരിത്രം സാധാരണക്കാരിലേക്ക് എത്തിക്കാനുള്ള ആദ്യപരീക്ഷണം. ചരിത്രത്തിന്റെ അതിർവരമ്പുകൾ നാടുകളിലും രാജ്യങ്ങളിലും ഭൂഖണ്ഡങ്ങളിലും ഒതുക്കി നിർത്തുന്നതിനു പകരം ഒരേ കാലഘട്ടത്തിൽ മലയാളക്കര ഉൾപ്പെടെ ലോകത്ത് എമ്പാടും നടന്നിട്ടുള്ള സംഭവങ്ങൾ ഏകോപിപ്പിച്ച് വായനക്കാരിൽ എത്തിക്കാനുള്ള ശ്രമമാണ് ഇവിടെ നടത്തിയിട്ടുള്ളത്.

വില: ₹ 250/-
SIL - 4725

ISBN978 81-200-4725-9
9788120047259

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
തിരുവനന്തപുരം

കേരളം ലോകചരിത്രത്തിലൂടെ
മലയിൻകീഴ് ഗോപാലകൃഷ്ണൻ



കേരളം
ലോകചരിത്രത്തിലൂടെ



മലയിൻകീഴ് ഗോപാലകൃഷ്ണൻ

2076

College Of Avian Sciences & Management
LIBRARY
KVASU Thiruvazhamkunnu-678 601

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 2076 Call No.

This book should be returned on or before the date last given below.

| | | |
|---|---|---|
| | | |

*Malayalam*
**Keralam Lokacharithrathiloode**
*by* Malayinkeezh Gopalakrishnan

*Published by*
The State Institute of Languages, Kerala,
Thiruvananthapuram - 3

*First Published*: May 2003
*Second Edition*: May 2007
*Third Edition* : February 2012
*Fourth Edition* : February 2014
*Fifth Edition* : September 2016
*Sixth Edition* : November 2018
*Seventh Edition*:December 2019

*Reset*
Flustre Technology
Attingal,Thiruvananthapuram

*Printed at :*
Vijnanamudranam Press,
Nalanda, Thiruvananthapuram- 03

*Copies:* 1000

© The State Institute of Languages, Kerala,
Thiruvananthapuram-2003

Price : **Rs. 250.00** ISBN 978-81-200-4725-9

Published by the State Institute of Languages, Kerala, Thiruvananthapuram, under the centrally sponsored scheme for production of text books and literature in regional languages, at the University level, sponsored by the Government of India, Ministry of Human Resource Development (Department of Culture), New Delhi.

SIL/ 4725

# കേരളം ലോകചരിത്രത്തിലൂടെ

## മലയിൻകീഴ് ഗോപാലകൃഷ്ണൻ

**കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്**
**തിരുവനന്തപുരം**

General Editor : Prof. V. Karthikeyan Nair
Editor: Aswin Krishna. R
Cover : Beyond Publishers

ജനറൽ എഡിറ്റർ : പ്രൊഫ. വി. കാർത്തികേയൻ നായർ
എഡിറ്റർ : അശ്വിൻ കൃഷ്ണ. ആർ
കവർ ഡിസൈൻ : ബിയോണ്ട് പബ്ലിഷേഴ്സ്

# ആമുഖം

ചരിത്രപാഠങ്ങൾ രചിക്കുന്നവർ പൊതുവേ സാമാന്യ വായനക്കാരെ പരിഗണിക്കാറില്ല എന്ന ആക്ഷേപം എല്ലാ കാലങ്ങളിലും ഉയർന്നുകേൾക്കാറുണ്ട്. അവയെപ്പോഴും സാധാരണക്കാരനു അപ്രാപ്യമായ ഒരു വായനാനുഭവമാണ് സൃഷ്ടിച്ചെടുക്കാറുള്ളത്. ഇതിനൊരപവാദമാണ് പത്രപ്രവർത്തകനും എഴുത്തുകാരനുമായ മലയിൻകീഴ് ഗോപാലകൃഷ്ണൻ രചിച്ച് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച 'കേരളം ലോകചരിത്രത്തിലൂടെ' എന്ന ഗ്രന്ഥം. ഒരു മുതിർന്ന പത്രപ്രവർത്തകൻ കൂടിയായ ഗ്രന്ഥകാരൻ അദ്ദേഹത്തിന് സുപരിചിതമായ പത്രഭാഷയുടെ ആഖ്യാനശൈലിയാണ് ഈ പുസ്തകത്തിന്റെ തുടക്കം മുതൽ ഒടുക്കം വരെ പിന്തുടർന്നിട്ടുള്ളത്. അതുകൊണ്ടുതന്നെ പതിവ് ചരിത്രാഖ്യാനങ്ങൾ പിന്തുടരുന്ന സങ്കീർണമായ ഭാഷാരീതികൾ ഇവിടെ കാണാൻ സാധിക്കുകയില്ല. പത്രഭാഷകളുടെ ജനകീയസ്വഭാവം ഈ പുസ്തകത്തിന്റെ ആഖ്യാനശൈലിയിൽ ഉൾച്ചേർന്നിട്ടുണ്ടെന്ന് സാരം. കേരളസമൂഹവും നാളിതുവരെയുണ്ടായിട്ടുള്ള അതിന്റെ ചരിത്രവും എങ്ങനെയെല്ലാമാണ് ലോകചരിത്രത്തിൽ ഇടംപിടിച്ചിരിക്കുന്നത് എന്നന്വേഷിക്കുന്ന ഒരു പുനർവായനയാണ് ഈ പുസ്തകത്തിലൂടെ ഗ്രന്ഥകാരൻ നടത്തുന്നത്. അധിനിവേശചരിത്രവും അധികാരബന്ധങ്ങളും എത്രമേൽ കേരള സമൂഹരൂപീകരണത്തിൽ സ്വാധീനശക്തിയായി എന്നുള്ള അന്വേഷണവും ഗ്രന്ഥകാരൻ വളരെ ശ്രദ്ധാപൂർവം നടത്തുന്നുണ്ട്. പുസ്തകത്തിന്റെ ഏഴാം പതിപ്പ് വായനക്കാർക്കായി സാഭിമാനം സമർപ്പിക്കുന്നു.

നാളന്ദ,
ഡിസംബർ 2019

**പ്രൊഫ. വി കാർത്തികേയൻ നായർ**
**അശ്വിൻ കൃഷ്ണ ആർ.**

# ഉള്ളടക്കം


1. ചരിത്രത്തിന്റെ ഗതിമാറ്റിയ കപ്പൽയാത്ര 1
2. പെരുമാൾ മുതൽ പോർട്ടുഗീസുകാർ വരെ 6
3. മാർക്കോപോളോയുടെ കാലത്തെ കേരളം 17
4. നാട്ടുരാജ്യങ്ങളുടെ ഉയർച്ചയും തകർച്ചയും 20
5. യൂറോപ്യൻമാർ കണ്ട കേരളം 23
6. വാസ്കോ ഡ ഗാമ - സാമൂതിരി - കോലത്തിരി 28
7. പോർട്ടുഗീസ് രാജാവിന്റെ പേരിൽ
   കൊച്ചിയിൽ കോട്ട ഉയരുന്നു 33
8. ഈജിപ്റ്റിൽ നിന്നു നാവികപ്പട കൊച്ചിയിലെത്തുന്നു 36
9. വാസ്കോ ഡ ഗാമ ഇന്ത്യയിലെ വൈസ്രോയി 40
10. വാസ്കോ ഡ ഗാമയും ബാബറും മരിച്ചു;
    ഇംഗ്ലണ്ട് പോപ്പിനെ വെല്ലുവിളിക്കുന്നു 43
11. വിജയനഗര സാമ്രാജ്യം അസ്തമിച്ചു;
    അക്ബർ മുഗൾ ചക്രവർത്തി 47
12. അക്ബർ ചക്രവർത്തിയും എലിസബത്ത് രാജ്ഞിയും
    ഭരണത്തിൽ; ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ ഉദയം 51
13. കുഞ്ഞാലി മരയ്ക്കാരെ തൂക്കിക്കൊന്നു;
    ഇംഗ്ലീഷുകാരും ഡച്ചുകാരും വരുന്നു 56
14. യൂറോപ്യൻ രാജ്യങ്ങളിൽ വ്യാപാരക്കൊതി മൂക്കുന്നു 60
15. സംഘർഷങ്ങളുടെ ഒരു കാലഘട്ടം 65

16. ലോകം ഔറംഗസീബിന്റെയും ലൂയി 14-ാമന്റെയും ഭരണകാലത്ത് 72
17. ഡച്ചുകാർക്കെതിരെ മാർത്താണ്ഡവർമയുടെ വിജയം 77
18. വെടിമരുന്നുശക്തിക്കു മുന്നിൽ വഴിമാറുന്ന ലോകം 82
19. യൂറോപ്യന്മാർക്ക് എതിരെ കുഞ്ചൻനമ്പ്യാർ 87
20. മാർത്താണ്ഡവർമ - ലൂയി 15-ാമൻ - ജോർജ് രണ്ടാമൻ 92
21. ഡ്യൂപ്ലേയുടെ വിജയം, മാർത്താണ്ഡവർമ രാജ്യം
ശ്രീപത്മനാഭന് സമർപ്പിക്കുന്നു 99
22. ഡ്യൂപ്ലേ വിടപറയുന്നു;
റോബർട്ട് ക്ലൈവ് വിജയം കൊയ്യുന്നു 105
23. മാർത്താണ്ഡവർമയുടെ മുന്നേറ്റം;
യൂറോപ്പിൽ സപ്തവത്സരയുദ്ധം 112
24. പ്ലാസിയുദ്ധം കഴിഞ്ഞു;
ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനി അജയ്യ ശക്തിയായി 117
25. ലൂയി പതിനഞ്ചാമൻ അന്തരിച്ചു;
മലയാളക്കരയ്ക്കു വെല്ലുവിളിയായി ഹൈദരാലി വരുന്നു 122
26. അമേരിക്ക ഇംഗ്ലണ്ടിനെതിരെ തിരിയുന്നു 129
27. അമേരിക്കയിൽ 'ബോസ്റ്റൺ ടീ പാർട്ടി';
വയനാടൻ കുന്നുകളിലൂടെ മൈസൂർപ്പടയുടെ മുന്നേറ്റം 136
28. അമേരിക്കൻ സ്വാതന്ത്ര്യസമരത്തിന്റെ ഗതി മാറുന്നു;
ഇംഗ്ലീഷുകാർക്കെതിരെ പുതിയ തന്ത്രവുമായി ഹൈദരാലി 141
29. അമേരിക്കൻ ഐക്യനാടുകൾ (യു.എസ്.എ.) നിലവിൽ വന്നു;
മലബാർ ശാന്തമായി 147
30. ഫ്രഞ്ചുവിപ്ലവം പടരുന്നു;
കൊച്ചിയിൽ ശക്തൻതമ്പുരാൻ രാജാവ് 152
31. മലബാറിൽ ബ്രിട്ടീഷ് ഭരണത്തിന് വേദിയൊരുങ്ങുന്നു;
ഫ്രാൻസിൽ ലൂയി പതിനാറാമനും ഭാര്യയും തടവിൽ 160
32. ലൂയി പതിനാറാമനെ വധിച്ചു;
'ബ്രിട്ടീഷ് മലബാർ' നിലവിൽ വന്നു 166
33. നെപ്പോളിയൻ ബോണപ്പാർട്ട് - ടിപ്പുസുൽത്താൻ -
പഴശ്ശിരാജ 171
34. കാർത്തികതിരുനാൾ (ധർമരാജാവ്) നാടുനീങ്ങി;
നെപ്പോളിയനിൽ പ്രതീക്ഷ അർപ്പിച്ച് ടിപ്പുസുൽത്താൻ 178
35. ടിപ്പുവിന്റെയും വീരപാണ്ഡ്യകട്ടബൊമ്മന്റെയും അന്ത്യം;
വേലുത്തമ്പിയുടെ ഉദയം 183
36. പടയോട്ടവും പുതിയ മോഹങ്ങളുമായി നെപ്പോളിയൻ;
പ്രകൃതി ആരാധകനായി കവി വില്യം വേഡ്സ്വർത്ത് 189
37. നെപ്പോളിയനെ കാത്തിരിക്കുന്ന ശക്തൻ തമ്പുരാൻ;
വയനാട്ടിൽ വട്ടംചുറ്റിയ ഇംഗ്ലീഷ് സൈന്യം 195
38. നെപ്പോളിയനെ നേരിടാൻ ആർതർ വെല്ലസ്ലി
മലബാറിൽ നിന്ന് യാത്ര തിരിക്കുന്നു 201
39. വയനാടൻ കാടുകളിൽ പഴശ്ശിരാജയുടെ വീരമൃത്യു;
നെപ്പോളിയൻ വീണ്ടും മുന്നോട്ട് 206
40. നെപ്പോളിയൻ - രൺജിത് സിംഹ് - വേലുത്തമ്പിദളവ 211
41. മലയാളക്കരയിൽ റാണിമാരുടെയും
ബ്രിട്ടീഷ് ദിവാന്റെയും ഭരണം; യൂറോപ്പിൽ വാട്ടർലൂ യുദ്ധം 217
42. യൂറോപ്പിൽ പാവനസഖ്യം; മലയാളക്കരയിൽ
മിഷനറിമാരുടെ വരവ് 228
43. നെപ്പോളിയനും കീറ്റ്സും ഷെല്ലിയും മരിച്ചു;
പാർവതീഭായി ഭരണം തുടരുന്നു 234
44. ബെന്റിക് പ്രഭു - രാജാറാം മോഹൻ റോയി -
സ്വാതിതിരുനാൾ 240
45. രാജാ റാംമോഹൻ റോയി അന്തരിച്ചു;
ബ്രിട്ടനിൽ ഭരണപരിഷ്കാരവും പുതിയ നിയമങ്ങളും 247

46 തിരുവനന്തപുരത്ത് സർക്കാർ ഇംഗ്ലീഷ്
വിദ്യാലയത്തിന് ആരംഭം; ചൈനയിൽ കറുപ്പുയുദ്ധം 254
47.വാസ്കോ ഡ ഗാമ മുതൽ കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ വരെ 260
48.മലയാളക്കരയിൽ മാറ്റത്തിന്റെ മൂന്നര നൂറ്റാണ്ട് 267
49.ദൽഹൗസി ഇന്ത്യ മുഴുവൻ പിടിച്ചെടുത്തു;
മലബാർ കളക്ടർ കൊനോളി വധിക്കപ്പെട്ടു 278
50.മലയാളക്കര ബ്രിട്ടീഷ് കൊടിക്കീഴിൽ 288



# 1

# ചരിത്രത്തിന്റെ ഗതിമാറ്റിയ കപ്പൽയാത്ര

1498 മെയ് 20.

അന്നൊരു ഞായറാഴ്ചയായിരുന്നു.*

കോഴിക്കോട്ടുനിന്ന് തെക്കോട്ടു മീൻപിടിക്കാൻപോയ മുക്കുവർ, നാലു കപ്പലുകൾ പടിഞ്ഞാറുനിന്നു വന്ന് നങ്കൂരം ഇടുന്നതു കണ്ടു.[1]

സാമൂതിരി രാജാവിന്റെ പ്രധാന തുറമുഖങ്ങളിൽ ഒന്നാണ് കോഴിക്കോട്. അറബികൾക്കാണ് ഇവിടെ കച്ചവടക്കുത്തക. ദിവസവും അനേകം കപ്പലുകൾ വന്നുപോകുന്ന തുറമുഖമാണിത്.



ചിത്രം 1 : വാസ്കോ ഡ ഗാമ

എങ്കിലും അതിൽ നിന്നെല്ലാം വ്യത്യസ്തമായിരുന്നു മുക്കുവരുടെ കണ്ണിൽപ്പെട്ട നാലുകപ്പലുകൾ. അതിനകത്തുള്ള വെള്ളക്കാരും അവരുടെ വേഷവും പടകും (വലിയ വള്ളം) കുറ്റൻപീരങ്കിയും പുതിയ കാഴ്ചകളായിരുന്നു. അമ്പും വില്ലും വാളും പരിചയും കുന്തവുമെല്ലാം ആയുധങ്ങളാക്കി ഏതു ശത്രുവിനോടും അടരാടിയിരുന്ന സാമൂതിരിസൈന്യത്തിനും പുതിയ കപ്പലുകളിലെ മനുഷ്യരും അവരുടെ യുദ്ധോപകരണങ്ങളും അമ്പരപ്പ് സൃഷ്ടിച്ചു. കോഴിക്കോട്ട് പരമ്പരാഗതമായി കച്ചവട

1. ഡോ. ഹെർമൻ ഗുണ്ടർട്ട് - കേരളപ്പഴമ

* ഗാമ വന്ന തീയതിയെക്കുറിച്ച് ചരിത്രകാരന്മാർക്ക് ഭിന്നാഭിപ്രായമാണ്.